# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊടുവായൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 19/1589/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 22/11/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊടുവായൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ-(പികെഡി) പി 19/1589/23 തീയ്യതി: 22/11/2023

## പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-08-2022 മുതൽ 25-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ ) | തീയതി (വരെ) |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 26-09-2023 | 06-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-09-2023 | 06-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുജാത.പി -ഓഡിറ്റ് ഓഫീസർ
താരിഖ്.എം.എസ് -സീനിയർ ഗ്രേഡ് ഓഡിറ്റർ
കാർത്തിക.പി -സീനിയർ ഗ്രേഡ് ഓഡിറ്റർ
അനിത.കെ-ഓഡിറ്റർ
സന്ദീപ്.കെ.വി -ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പ്രേമ.വി. | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബിനു.പി.എൽ. | സെക്രട്ടറി | 01-04-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സജ്ന.ടി.എ. | കൃഷി ഓഫീസർ | 01-04-2022 | 25-04-2022 |
| ശ്രീ.അരുൺ.ടി.ടി. | കൃഷി ഓഫീസർ | 26-04-2022 | 03-11-2022 |
| ശ്രീ.ബഷീർ അഹമ്മദ് | കൃഷി ഓഫീസർ | 04-11-2022 | 20-12-2022 |
| ശ്രീമതി.സജ്ന.ടി.എ. | കൃഷി ഓഫീസർ | 21-12-2022 | 31-03-2023 |
| ശ്രീമതി.സ്നേഹ.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 21-08-2022 |
| ശ്രീമതി.സജിത.എം. | അസിസ്റ്റന്റ് എഞ്ചിനീയർ | 22-08-2022 | 31-03-2023 |
| ഡോ.സിന്ധു.എം.എ. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 31-03-2023 |
| ഡോ.രഞ്ജി.പി.ആനന്ദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ഡോ.അനുശ്രീ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 20-06-2022 |
| ഡോ.ഷൈനി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 21-06-2022 | 31-03-2023 |
| ശ്രീമതി.ഗീത | പ്രധാന അദ്ധ്യാപിക | 01-04-2022 | 27-06-2022 |
| ശ്രീമതി.സുമ.എസ്. | പ്രധാന അദ്ധ്യാപിക | 28-06-2022 | 31-03-2023 |
| ശ്രീമതി.ഷൈനി | വി.ഇ.ഒ.I | 01-04-2022 | 05-08-2022 |
| ശ്രീ.മൻസൂർ അലി | വി.ഇ.ഒ.I | 06-08-2022 | 31-03-2023 |
| ശ്രീമതി.സുമി.പി. | വി.ഇ.ഒ.II | 01-04-2022 | 05-08-2022 |
| ശ്രീമതി.അഷിതമോൾ.സി. | വി.ഇ.ഒ.II | 06-08-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി.പ്രമീള | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി.രാധ.എൽ. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ശ്രീ.സജിത് ഘോഷ്.എം.ആർ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 05-11-2022 |
| ശ്രീ.അബ്ദുൾ ലത്തീഫ്.എ. | അസിസ്റ്റന്റ് സെക്രട്ടറി | 06-11-2022 | 31-03-2023 |
| ശ്രീ.സുദർശനൻ.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.നേഹ കൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ | 1-1-2 |
| 4 | വാർഷിക ധനകാര്യ പത്രികയിൽ ഹെഡ് മാറി തുക പോസ്റ്റ് ചെയ്തിരിക്കുന്നു | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | സാമ്പത്തിക വിശകലനം | 1-3 |
| 7 | ഫണ്ട് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി-എം.എൻ. ആർ.ഇ.ജി. എസ് | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് പരിശോധന | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തൊഴിൽ നികുതി | 1-11 |
| 15 | 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ | 1-12 |
| 16 | വസ്തു നികുതി പരിശോധനയിലെ അപാകതകൾ | 1-13 |
| 17 | ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും വസ്തുനികുതി നിർണ്ണയത്തിലെ പിഴവുകൾ തുടരുന്നു | 1-13-1 |
| 18 | അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-14 |
| 19 | Festival Advance തിരിച്ച് അടച്ചിട്ടില്ല | 1-15 |
| 20 | പെർമിറ്റ് ഫീ - ചട്ടപ്രകാരമല്ലാതെ കണക്കാക്കുന്നു | 1-16 |
| 21 | ഗുണഭോക്തൃ വിഹിതം | 1-17 |
| 22 | കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - തുടർനടപടി വിവരം ലഭ്യമല്ല | 1-18 |
| 23 | വാതക ശ്മശാനം നിർമ്മാണ പ്രവർത്തന പുരോഗതി ത്വരിതപ്പെടുത്തേണ്ടതാണ് | 1-19 |
| 24 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല | 1-20 |
| 25 | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്- പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കേണ്ടതാണ് | 1-21 |
| 26 | പെൻഷൻ വിതരണം-ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല | 1-22 |
| 27 | ഹോമിയോ ഡിസ്പെൻസറിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല | 1-23 |
| 28 | സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല | 1-24 |
| 29 | ക്യാഷ് ബുക്ക് സൂക്ഷിപ്പ് -ചട്ടം പാലിച്ചിട്ടില്ല | 1-25 |
| 30 | ഡയറി ഫാം ഇൻസ്ട്രക്ടർ - TR-7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല | 1-25-1 |
| 31 | ക്യാഷ് ബുക്കിൽ ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയതിലെ അപാകതകൾ സംബന്ധിച്ച് | 1-25-2 |
| 32 | ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-26 |
| 33 | ലൈഫ് മിഷൻ - ഭവന നിർമ്മാണം (ജനറൽ - സ്പിൽഓവർ) | 1-26-1 |
| 34 | ലൈഫ് മിഷൻ - ഭവന നിർമ്മാണം (എസ്സ്.സി) | 1-26-2 |
| 35 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി - പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 1-27 |
| 36 | അമൃതം ന്യൂട്രിമിക്സ് വാങ്ങൽ - ബില്ലിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തിയില്ല | 1-28 |
| 37 | വയോജനങ്ങൾക്ക് കട്ടിൽ - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-29 |
| 38 | പയ്യപ്പിള്ളി കുടിവെള്ള പദ്ധതി -പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1-30 |
| 39 | ടെണ്ടർ ഫോം വില തനതു ഫണ്ടിലേക്ക് മാറ്റാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-31 |
| 40 | മണിയാർ കുളമ്പ് റോഡ് മെയിന്റനൻസ് - അപാകതകൾ | 1-32 |
| 41 | മെയിന്റനൻസ് പ്രവൃത്തികൾ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33 |
| 42 | വെറ്ററിനറി ഡിസ്പെൻസറിക്ക് കീഴിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപണി ചെയ്യൽ-തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33-1 |
| 43 | വിവിധ അങ്കണവാടികൾ അറ്റകുറ്റപണികൾ ചെയ്യൽ -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33-2 |
| 44 | ജിബിഎൽപി സ്കൂളിൽ സ്റ്റേജ് നിർമ്മാണം -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33-3 |
| 45 | വിവിധ അങ്കണവാടികൾ അറ്റകുറ്റപണി -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33-4 |
| 46 | സബ്സെന്റർ മെയിന്റനൻസ് -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33-5 |
| 47 | വീട്ടിയോട് അങ്കണവാടി മെയിന്റനൻസ് -തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-33-6 |

| | | |
|---|---|---|
| 48 | കരിഞ്ഞിലാംകോട് കുടിവെള്ള പദ്ധതി -സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ് | 1-34 |
| 49 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-35 |
| 50 | മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡിൽ AFS ലെ ചെലവും ചെലവ് പത്രികയിലെ തുകയും പൊരുത്തപ്പെടുന്നില്ല | 1-36 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്ക്-വിവിധ പത്രികകൾ-സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 5(1)/19-07-2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30-09-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: പാലക്കാട്

തീയതി: 22-11-2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(ഇ,എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - അപാകതകൾ

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 2304158.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6789229.00രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും ഗ്രാമപഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 വാർഷിക ധനകാര്യ പത്രികയിൽ ഹെഡ് മാറി തുക പോസ്റ്റ് ചെയ്തിരിക്കുന്നു

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചപ്പോൾ BUILDING PERMIT FEE ആയ 1088/- രൂപ PERMIT FEE FOR LAND DEVELOPMENT CODE (140120106) എന്നതിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

### 1-2 ബജറ്റ്

26-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. 20.02.23 ലെഭരണ സമിതി യോഗതീരുമാനപ്രകാരം ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 17934942 |
| തൻവർഷം വരവ് | 384142000 |
| ആകെ വരവ് | 402076942 |
| ചെലവ് | 390599000 |
| നീക്കിയിരിപ്പ് | 11477942 |

യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 21089581 |
| വരവ് | 62129353 |
| ആകെ | 83218934 |

| | |
|---|---|
| ചെലവ് | 59825195 |
| നീക്കിയിരിപ്പ് | 23393739 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (*) | 0 | 22478210 | 22478210 | 20607888 | 1870322 |
| വികസന ഫണ്ട് എസ്.സി.പി ** | 0 | 13051462 | 13051462 | 12279050 | 772412 |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 9996000 | 9996000 | 8854483 | 1141517 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 6224000 | 6224000 | 6047343 | 176657 |
| CFC ഗ്രാന്റ് (അൺ ടൈഡ്)-ബാങ്ക് | 464631 | 3231826 | 3696457 | 2313878 | 1382579 |
| CFC (ടൈഡ്)-ബാങ്ക് | 2668852 | 4667000 | 7335852 | 4432567 | 2903285 |
| CFC-ടൈഡ് ഗ്രാന്റ്-(സ്പിൽ ഓവർ)-ട്രഷറി | 0 | 3970531 | 3970531 | 729913 | 3240618 |
| CFC-അണ്ടൈഡ് ഗ്രാന്റ്-(സ്പിൽ ഓവർ)-ട്രഷറി | 0 | 593842 | 593842 | 593842 | 0 |

*വികസന ഫണ്ട് (ജനറൽ) - GO പ്രോജക്ട് തുക 3644344+ACR പ്രകാരമുള്ള ചെലവ് തുക 18596213=22240557. AFS പ്രകാരം ചെലവ് തുക 20607888. (22240557-20607888=1632669 (Q-bill)വ്യത്യാസം)

**വികസന ഫണ്ട്(എസ്.സി.പി)-GO പ്രോജക്ട് തുക 440328+ ACR പ്രകാരമുള്ള ചെലവ് തുക 12611134=13051462. AFS പ്രകാരം ചെലവ് തുക 12279050. വ്യത്യാസം വ്യക്തമാക്കേണ്ടതാണ്.

***സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്)+ അൺടൈഡ് സ്പിൽ ഓവർ ട്രഷറി യിലെ ചെലവു തുകയാണ് AFSൽ 2907720 (I6+B3) ഉള്ളത്.

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| ICDS | 1967222 | 1379288 | 3346510 | 640193 | 2706317 |

ശുചിത്വ ഫണ്ട്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം | 2611213 | 0 | 2611213 | 1396170 | 1215043 |

2. തൊഴിലുറപ്പ് പദ്ധതി -എം.എൻ. ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2 | 1073501 | 1073503 | 1071603 | 1900 |
| തൊഴിലാളികളുടെ വേതനം | | 32094598 | 32094598 | 32094598 | 0 |
| ആകെ | 2 | 33168099 | 33168101 | 33166201 | 1900 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് സ്റ്റേറ്റ് ഷെയർ | 122000 | 1090000 | 1212000 | 860000 | 352000 |

പ്രത്യേക ഉദ്ദേശ ഗ്രാന്റ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| Health Grant Towards Conversion Of PHCs And Subcentres Into Health And Wellness Centres | 0 | 421044 | 421044 | 262997 | 158047 |
| Health Grant Towards Support For Diagnostic Infrastructure To The PHCs | 0 | 246478 | 246478 | 0 | 246478 |
| ജലനിധി | 1945020 | 27586 | 1972606 | 0 | 1972606 |
| ലൈബ്രറി ഗ്രാന്റ് | 15580 | 11000 | 26580 | 15580 | 11000 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 111966231 | 123 | 65280906 | --- | 41 | 75 |

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 13929462 | 10592703 | 76.05 |
| വി.ഇ.ഒ.-I | 7 | 6 | 20033870 | 5763560 | 28.77 |
| വി.ഇ.ഒ.-II | 10 | 8 | 14889990 | 8736990 | 58.68 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 7249633 | 5105369 | 70.42 |
| സെക്രട്ടറി | 38 | 22 | 15130811 | 8813654 | 58.25 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 62 | 47 | 25622469 | 16541759 | 64.56 |
| മെഡിക്കൽ ഓഫീസർ-PHC | 8 | 6 | 2764059 | 2132380 | 77.15 |
| മെഡിക്കൽ | 2 | 2 | 500000 | 500000 | 100 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ-ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| വെറ്ററിനറി സർജ്ജൻ | 7 | 7 | 4380600 | 2950233 | 67.35 |
| പ്രധാന അധ്യാപകൻ | 4 | 3 | 3395437 | 2525830 | 74.39 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 600000 | 200000 | 33.33 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 5 | 3269900 | 1218428 | 37.26 |
| ആകെ | 164 | 123 | 111966231 | 65280906 | 58.3 |

അതാത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി-എം.എൻ. ആർ.ഇ.ജി. എസ്

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2 | 1073501 | 1073503 | 1071603 | 1900 |
| തൊഴിലാളികളുടെ വേതനം | | 32094598 | 32094598 | 32094598 | 0 |
| ആകെ | 2 | 33168099 | 33168101 | 33166201 | 1900 |

1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 5145000 | 452 |
| 3 | വിധവാ പെൻഷൻ | 17169300 | 1565 |
| 4 | വാർദ്ധക്യകാല പെൻഷൻ | 24293800 | 2344 |
| 5 | വികലാംഗ പെൻഷൻ | 3685600 | 337 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1001600 | 92 |

1-8 ക്യാഷ് പരിശോധന

കൊട്ടുവായൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2023 തീയ്യതിയിൽ 03.00 PMസമയത്ത് ജൂനിയർ സൂപ്രണ്ടിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 29026/- രൂപയുടെ വരവിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിൽ കൈകാര്യം ചെയ്യുന്ന മുഴുവൻ വിഷയങ്ങളെയും അടിസ്ഥാനമാക്കി വിവിധ ഉത്തരവാദിത്തങ്ങൾ ജീവനക്കാർക്ക് ഓഫീസ് ഉത്തരവുകളിലൂടെ ഏൽപിച്ചിട്ടുണ്ട്.

കണക്കുകൾ ശരിയായി അക്കൗണ്ട് ചെയ്യപ്പെടുന്നതിലും രേഖകളുടെ സൂക്ഷിപ്പിലും ഉള്ള അപാകതകൾ പരിഹരിക്കാൻ മേലുദ്യോഗസ്ഥൻമാർ ശരിയായ ശ്രദ്ധ പതിപ്പിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ ILGMS സംവിധാനത്തിലൂടെയാണ് തൻവർഷം മുതൽ ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ 2023 ആഗസ്റ്റ് പ്രാബല്യത്തിൽ പുതുക്കിയിട്ടുണ്ട്.

ലൈഫ് പദ്ധതി ഇനത്തിൽ ലോൺ വരവും തിരിച്ചടവും മുൻ വർഷങ്ങളിലേതുൾപ്പെടെ ഉണ്ടെങ്കിലും ലോൺ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അക്കൗണ്ടന്റ് ജനറലിന്റെ 2014-15 മുതൽ 2018-19 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടിലെ 18 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

അക്കൗണ്ടന്റ് ജനറലിന്റെ 2018-19 വർഷത്തെ സപ്ലിമെന്ററി ഓഡിറ്റ് റിപ്പോർട്ടിലെ 2 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

പെർഫോമൻസ് ഓഡിറ്റ് വിഭാഗത്തിന്റെ 12/2022 മാസത്തെ ഓഡിറ്റ് 13.1.2023 തിയതിയിൽ പൂർത്തിയാക്കിയിട്ടുണ്ട്. അതിൻപ്രകാരം 2017-18 മുതൽ 12/2021 വരെ 232 ഖണ്ഡികകൾ തീർപ്പാക്കാൻ അവശേഷിക്കുന്നു.

## 1-11 തൊഴിൽ നികുതി

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുകയോ തൊഴിലെടുക്കുകയോ ചെയ്യുന്ന സ്ഥാപനത്തിന്റെയോ വ്യക്തിയുടെയോ മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി, ലൈസൻസ് രജിസ്റ്റർ, എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

ലൈസൻസ് അനുവദിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | അഞ്ജന എന്റർപ്രൈസസ് | 8/843 | 4 |
| 2 | അഞ്ജന എന്റർപ്രൈസസ് | 8/851 | 5 |
| 3 | റോയൽ ഫുഡ്സ് | 6/453,454,455,463 | 12 |
| 4 | എൻഡി റോയൽ ഹെറിറ്റേജ് റീഗൻസി | 1/488 | 7 |
| 5 | ശ്രീ സായ് ബാലാജി ട്രേഡിങ്ങ് കമ്പനി | 7/61 | 10 |
| 7 | കയർലക്സ് ഫൊം | 2/299 | 9 |
| 8 | ബിസ്മില്ലാ റൈസ് മിൽ | 3/453,454 | 9 |

ഓഡിറ്റ് അന്വേഷണം (നം.20/04.10.2023) മറുപടിയിൽ കയർലക്സ് ഫൊം, ബിസ്മില്ലാ റൈസ് മിൽ എന്നീ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രസീതി നം തിയതി സഹിതം ലഭ്യമാക്കി. ആയത് ILGMS മായി പരിശോധിച്ച് ഉറപ്പുവരുത്തി. ബാക്കി സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-12 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5 വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

| നിർദ്ദേശം | നിർദ്ദേശം നടപ്പാക്കിയതിന്റെ വിവരം |
|---|---|
| വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ<br>എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ട താണ്. | എല്ലാ കെട്ടിടങ്ങളുടെ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്. |
| കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ<br>മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്ത വർക്ക് വിവരം ഫോറം 9ബി പ്രകാരം അറിയിക്കാവുന്നതാണ്. | ഫോറം 9B യിൽ നാളിതുവരെ 120 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്. |

| | |
|---|---|
| സമയപരിധി - 15-05-2023 | |
| കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന<br>ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു. | ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല. |
| വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യത യുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതാണ്. | വിവരശേഖരണം നടത്തുന്നതിനായി 4 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ടെങ്കിലും 2 പേർ മാത്രം പരിശീനത്തിൽ പങ്കെടുത്തിട്ടുള്ളൂ. കൂടുതൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. |
| വസ്തു നികതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം | 5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കു ന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.<br>ഉത്തരവുകൾ കണക്കിലെടുത്ത് 16/05/2023 തീയതിയിലെ എസ്.സി 4/1001 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.<br>പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 27.06.2023 തിയതിയിൽ എസ്.സി 4/ 1001നം പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ദേശാഭിമാനി, മലയാള മനോരമ പത്രങ്ങളിൽ വിജ്ഞാപനം പരസ്യ പ്പെടുത്തിയിട്ടുണ്ട്.<br>അന്തിമവിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ടെങ്കിലും സെക്രട്ടറി അംഗീകരിച്ചിട്ടില്ല. |
| വസ്തു നികതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും<br>പുതിയതായി വസ്തുനികതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികതി നിർണ്ണത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്. | പ്രാഥമിക മേഖല<br>1) നൊച്ചൂർ മുതൽ പിട്ടുപീടിക പഞ്ചായത്ത് അതിർത്തി വരെയുള്ള സ്റ്റേറ്റ് ഹൈവേയുടെ ഇരുവശങ്ങളിലും 150 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ 2) പിട്ടുപിടിക - നെന്മാറ റോഡു മുതൽ കോളോട് റോഡ് വരെയുള്ള ഇരുവശത്തും 150<br>മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ (കാക്കയൂർ പഞ്ചായത്ത് അതിർത്തി വരെ)<br>3) നവക്കോട് പാലം മുതൽ |

| | |
|---|---|
| | കൊട്ടവായൂർ ടൗൺ വരെ റോഡിനിരുവശത്തുമായി 150<br>മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ<br>4) മന്ദത്തുകാവ് കളം മുതൽ കൊട്ടവായൂർ ടൗൺ വരെ റോഡിനിരുവശത്തും 150 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ<br>5) ഗ്രാമപീടിക മുതൽ, കേരളപുരം ശിവൻ കോവിൽ, ഓഡിറ്റോറിയം മുതൽ കൃഷ്ണൻകോവിൽ വരെ, മൂത്താൻ തറ,തോട്ടക്കാട്ടുതറ കരുവന്നൂർ അക്ഷയ കോളനി , അമൃത കോളനി,<br>ദ്വിതീയ മേഖല<br>1) മറിയം കോളേജ് മുതൽ നൊച്ചൂർ വരെ റോഡിനിരുവശവും 150 മീറ്റർ ചുറ്റളവിൽ വരുന്ന പ്രദേശങ്ങൾ<br>2) എത്തനൂർ, കിഴക്കേത്തറ, പ്രതാപ് നഗർ, നൊച്ചൂർ ഗ്രാമം, എത്തനൂർ തറ കാക്കയൂർ കമ്മാന്തി, വെട്ടംപുള്ളി, തുടങ്ങിയ പ്രദേശങ്ങൾ<br>തൃതീയ മേഖല<br>പ്രഥമ മേഖലയിലും ദ്വിതീയ മേഖലയിലും ഉൾപ്പെടാത്ത മറ്റ് പ്രദേശങ്ങൾ |

വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം വസ്തുനികുതി പരിഷ്കരണം ത്വരിതപ്പെടുത്തി പൂർത്തീകരിക്കേണ്ടതാണ്. തുടർവിവരം അറിയിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി പരിശോധനയിലെ അപാകതകൾ

ഉപയോഗക്രമം തെറ്റായി രേഖപ്പെടുത്തി നികുതി നിർണ്ണയിച്ചു

വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് 40 രൂപയും 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ളവയ്ക്ക് 60 രൂപയുമാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. 100 ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന കെട്ടിടങ്ങളെ 100 ച.മീറ്റർ വരെയുള്ളവ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചതിനാൽ നഷ്ടമുണ്ടാവുന്നു.

| | |
|---|---|
| കെട്ടിട നം. | 9/982 |
| കെട്ടിട ഉടമയുടെ പേരും വിലാസവും | സുമതി മുതൽപ്പേർ |
| വിസ്തീർണ്ണം | 109ച. മീ |
| നിലവിലെ നികുതി നിർണ്ണയം | 109*40 = 4360<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>വസ്തുനികുതി - 5232<br>ലൈബ്രറി സെസ്സ് - 261.6<br>ആകെ – 5494 |
| യഥാർത്ഥത്തിൽ നിർണ്ണയിക്കേണ്ട വസ്തുനികുതി | 109*60 = 6540<br>വർദ്ധനവ് (വഴിസൗകര്യം)- 20%<br>ഇളവ്- ഇല്ല<br>വസ്തുനികുതി - 7848<br>ലൈബ്രറി സെസ്സ് - 392<br>ആകെ - 8240 |
| പ്രതിവർഷ നഷ്ടം | 8240 – 5494 = 2746 രൂപ |

ഓഡിറ്റ് അന്വേഷണം നം.19/4.10.2023ന് മറുപടിയായി വസ്തു നികുതി നിർണയത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടെന്നും ആയതിന്റെ നഷ്ടം ഉടമയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കാമെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ശരിയായ ഉപയോഗ ക്രമത്തിൽ ഉൾപ്പെടുത്തി നികുതി പുതുക്കി നിർണ്ണയിച്ച് ഫോം 6 ഉൾപ്പെടെ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-13-1 ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടും വസ്തുനികുതി നിർണ്ണയത്തിലെ പിഴവുകൾ തുടരുന്നു

വാർഷിക വാടക മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിച്ച് നികുതി നിർണ്ണയം ഏകീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുന്നതിനുള്ള ചട്ടങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും വസ്തുനികുതി നിർണ്ണയം കാര്യക്ഷമവും കുറ്റമറ്റതുമാക്കുന്നതിനായി വെബ്ബ് അധിഷ്ഠിത സഞ്ചയ സോഫ്റ്റ്‌വെയർ മുഖാന്തിരം ഡാറ്റാ എൻട്രി ആരംഭിക്കുകയും പൂർത്തീകരിക്കുകയും ചെയ്തിരുന്നുവെങ്കിലും ഫീൽഡ് വെരിഫിക്കേഷൻ നടത്താതെ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തിയതുമൂലം സോഫ്റ്റ്‌വെയറിൽ തെറ്റായ വിവരങ്ങൾ ഉൾപ്പെട്ടിരുന്നു. ആയത് തിരുത്തുന്നതിനായി നടപ്പിലാക്കിയ ഡാറ്റാ പ്യൂരിഫിക്കേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും സഞ്ചയ സോഫ്റ്റ്‌വെയർ ഡാറ്റ പരിശോധിച്ചതിൽ വസ്തുനികുതി നിർണ്ണയത്തിലെ അപാകതകൾ തുടരുന്നതായി കാണുന്നു.

താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതുമൂലം നികുതി നഷ്ടം ഉണ്ടാകുന്നില്ലെങ്കിലും തെറ്റായ ഡാറ്റ സഞ്ചയയിൽ തുടരുന്നതിനിടയാക്കുന്നു.

| ക്രമ നം. | കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച മീ) | വസ്തു നികുതി (BT+LC) |
|---|---|---|---|---|
| 1 | 5/837 | സെക്രട്ടറി സർവീസ് കോപ്പറേറ്റീവ് ബാങ്ക് | 252 | 3813 |
| 2 | 1/284 | രേഖ | 675 | 2728 |
| 3 | 5/62 | രാമകൃഷ്ണൻ | 124.7 | 552 |

ഡാറ്റാ പ്യൂരിഫിക്കേഷന ശേഷവും സഞ്ചയ ഡാറ്റാബേസിൽ വസ്തുതാപരമായ പിശകുകൾ തുടരുന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/04.10.2023 -ന് മറുപടിയിൽ സഞ്ചയയിൽ അപാകതകൾ ചെറിയതോതിൽ ഉണ്ട് എന്നും ആയത് ഉടൻ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമെന്നും ബോധിപ്പിച്ചിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ്‌വെയർ ഫോറം 6-ൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഡാറ്റാബേസ് കുറ്റമറ്റതാക്കേണ്ടതാണ്.

1-14 അനധികൃത കെട്ടിട നിർമ്മാണങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്

1) ഗ്രാമപഞ്ചായത്ത് പരിധിയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 39 അനധികൃത കെട്ടിടങ്ങൾ സംബന്ധിക്കുന്ന വിവരങ്ങൾ സഞ്ചയയിൽ രേഖപ്പെടുത്തി മൂന്ന് ഇരട്ടി തുക ഈടാക്കുന്നുണ്ടെങ്കിലും നിയമാനുസൃതം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചതായി കാണുന്നില്ല.

2) കൊട്ടവായൂർ ഗ്രാമപഞ്ചായത്തിന്റെ അനധികൃത കെട്ടിട നിർമ്മാണ രജിസ്റ്റർ (യു.എ രജിസ്റ്റർ) പരിശോധിച്ചപ്പോൾ പേജ് നം. 8 ൽ (ഓഡിറ്റോറിയം) 6/2യു.എ എന്ന് നമ്പർ നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. നൂർമുഹമ്മദ് എം. എന്നാണ് ഉടമയുടെ പേര്. ഈടാക്കേണ്ട വസ്തു നികുതി 59186 (യഥാർത്ഥ നികുതിയുടെ മൂന്നിരട്ടി) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അനധികൃത നിർമ്മാണത്തിനെതിരെ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സഞ്ചയ പ്രകാരമുള്ള കെട്ടിടത്തിന്റെ വിവരം

സഞ്ചയയിൽ ഫോറം 6 പരിശോധിച്ചതിൽ കെട്ടിടം ഇപ്പോഴും നിയമാനുസൃതമല്ലാത്ത കെട്ടിടമായി തുടരുകയാണെന്ന് കണ്ടെത്തി.

കെട്ടിട നമ്പർ - 6/2യു.എ

കെട്ടിടത്തിന്റെ വിഭാഗം - നിയാമാനുസൃതമല്ലാത്ത കെട്ടിടം

കെട്ടിട ഉടമയുടെ വിവരങ്ങൾ - നൂർമുഹമ്മദ് എം.

കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം - 497.03 ച.മീറ്റർ

നികുതി പ്രാബല്യത്തിൽ വന്ന തിയതി - 2022 ആദ്യ അർദ്ധവർഷം (സഞ്ചയ പ്രകാരം)

അടിസ്ഥാന വസ്തു നികുതി നിരക്ക് - 30 രൂപ

അടിസ്ഥാന വസ്തു നികുതി - 14910.9 രൂപ

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവ് - 2982.18 (20%- വഴി സൗകര്യം)

ലൈബ്രറി സെസ്സ് - 2819.00

വാർഷിക വസ്തു നികുതി - 59186.00 രൂപ (വസ്തു നികുതിയും അതിന്റെ രണ്ടിരട്ടിയും)

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നാളിതുവരെ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

കൊട്ടവായൂർ ഗ്രാമപഞ്ചായത്തിൽ അക്ഷയ നഗർ നവക്കോട് 2022 മുതൽ സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥാപനം 2019 ൽ നടന്ന അദാലത്തിൽ ക്രമവത്കരണത്തിനായി അപേക്ഷിച്ചെങ്കിലും ന്യൂനതകൾ കണ്ടെത്തിയതിനാൽ പരിഹരിക്കുന്നതിനായി മടക്കുകയും പുനർ സമർപ്പിക്കുവാൻ കക്ഷിക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു എന്നാൽ നാളിതുവരെ അപാകതകൾ പരിഹരിച്ച് ക്രമവൽക്കരണത്തിനുള്ള അപേക്ഷ പുന:സർപ്പിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം.30/06-10-2023 ന് മറുപടിയായി കെട്ടിട ഉടമക്ക് നോട്ടീസ് നൽകിയതായി അറിയിച്ചിട്ടുണ്ട്. തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശം

. യു.എ രജിസ്റ്ററിൽ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മിതിക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്.

. കെട്ടിടം ക്രമവത്കരിച്ച് യഥാർത്ഥ നമ്പർ നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

1-15 Festival Advance തിരിച്ച് അടച്ചിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം Festival Advance (Code:460100101) ഇനത്തിൽ 20000രൂപ തിരികെ ലഭിക്കാനുണ്ട്. ആയത് തിരിച്ച് പിടിക്കുന്നതിനുള്ള

നടപടി സ്വീകരിച്ചതായി കാണുന്നില്ല. ആയത് തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-16 പെർമിറ്റ് ഫീ - ചട്ടപ്രകാരമല്ലാതെ കണക്കാക്കുന്നു

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പട്ടിക II പ്രകാരമുള്ള പെർമിറ്റ് ഫീ നിലവിൽ സങ്കേതം സോഫ്റ്റ്‌വെയർ വഴിയാണ് കണക്കാക്കുന്നത്. അപ്രകാരം കണക്കാക്കിയ പെർമിറ്റ് ഫീ യഥാർത്ഥത്തിൽ ലഭ്യമാകേണ്ട തുകയേക്കാളും കൂടുതലായി കണക്കാക്കിയിരിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നമ്പർ/തീ | അപേക്ഷകയുടെ പേര് | വിസ്തീർണ്ണം | ഈടാക്കിയത് | ഈടാക്കാവുന്നത് |
|---|---|---|---|---|
| SC-4-BA(45036)/2023 | ലത.ടി, വിട്ടിയോട് കളം, കൊടുവായൂർ | പെർമിറ്റഡ് ഏരിയ:104.07 (RESIDENTIAL) എക്സിസ്റ്റിംഗ് ഏരിയ:219.94 53.57 (Commercial), .166.37 Residential) | 1041 | 104.7x7=733 വ്യത്യാസം = 308രൂപ (1041- 733) |

കൃത്യത ഉറപ്പാക്കാതെ പെർമിറ്റ് ഫീ ഈടാക്കിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണം നം. 21/04-10-2023 ന് കെ.പി.ബി.ആർ 2019 ചട്ടം 25 പ്രകാരം ഒന്നിൽ കൂടുതൽ ഉപയോഗമുള്ള കെട്ടിടങ്ങളിൽ ഏറ്റവും നിയന്ത്രണമുള്ള കെട്ടിടങ്ങളുടെ ഒക്യുപൻസിയുടെ ഗണം പരിഗണിച്ചാണ് ഫീ ഈടാക്കിവരുന്നതെന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ പട്ടിക II പ്രകാരമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. ഈ പട്ടികയിൽ പാർപ്പിട വിനിയോഗ ഗണത്തിനും മറ്റ് ഗണങ്ങൾക്കും പ്രത്യേക നിരക്കാണ് നിഷ്കർഷിക്കുന്നത്. ഒന്നിലധികം ഒക്യുപ്പൻസി പരിഗണിക്കുമ്പോൾ പാർപ്പിട ഗണത്തിന്റെയും മറ്റ് ഗണങ്ങളുടെ മൊത്തമായും പരിഗണിച്ച് പ്രത്യേകമായി കണക്കാക്കി പട്ടിക II പ്രകാരം ഫീസ് ഈടാക്കേണ്ടതാണ്.

## 1-17 ഗുണഭോക്തൃ വിഹിതം

2021-22 വാർഷിക ധനകാര്യ പത്രിക B-4 ഹെഡ് 320800101 -Beneficiary Contributions-ൽ 362375 രൂപ നീക്കിയിരിപ്പുണ്ട്. ഇതേ തുക തന്നെ 2022-23ലും അവശേഷിക്കുന്നുണ്ട്. തുക ലഭിച്ച വർഷം, ഏതെല്ലാം പ്രൊജക്ടുകൾക്ക് ലഭ്യമായ തുക ആണ് എന്നുള്ള വിവരം അറിയിക്കേണ്ടതാണ്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ ലഭ്യമായ തുക വിനിയോഗിക്കാതെ അവശേഷിക്കുന്നതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-29/06.10.2023) മറുപടി നൽകിയിട്ടില്ല.

## 1-18 കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസ് - സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് തുക അടവാക്കി - തുടർനടപടി വിവരം ലഭ്യമല്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 138/23 ( Spill Over) |
| പ്രൊജക്ടിന്റെ പേര് | കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിംഗിന് ധനസഹായം |
| ചെലവ് തുക | 50000 (വികസനഫണ്ട് ജനറൽ) |
| സാങ്ഷൻ ഓഡർ നം./ തീയതി | 174/29-12-2022 |
| നിർവ്വഹണം | സെക്രട്ടറി |
| കേരള സാമൂഹ്യ സുരക്ഷാ മിഷൻ | A/c No-701011400000134 |

സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.22 ഖ (7.1.2) ബി -പ്രകാരം കോക്ലിയാർ ഇംപ്ലാന്റുകളുടെ മെയിന്റനൻസിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ എണ്ണമനുസരിച്ച് ഒരു കുട്ടിക്ക് പരമാവധി 50000/-രൂപ അനുവദിക്കാവുന്നതാണ്. സ.ഉ(സാധാ)നം.426/2019/ തസ്വഭവ/26-02-2019 ഉത്തരവ് പ്രകാരം കേരള സാമൂഹ്യ സുരക്ഷാ മിഷന് 50000/-രൂപ കൈമാറിയിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച രണ്ട് ഗുണഭോക്താക്കൾക്ക് (അഭിനന്ദ്, ഗോകുൽ സ്ട്രീറ്റ്, വാർഡ്-3 ) വേണ്ടിയുള്ള കോക്ലിയാർ ഇംപ്ലാന്റ് റിപ്പയറിംഗിനുള്ള ചെലവ് തുകയാണ്.

പദ്ധതിയുടെ തുടർ നടപടി വിവരങ്ങൾ, സാമൂഹ്യ സുരക്ഷാ മിഷനിൽ നിന്നുള്ള ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന (2/27-09-23) ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-19 വാതക ശ്മശാനം നിർമ്മാണ പ്രവർത്തന പുരോഗതി ത്വരിതപ്പെടുത്തേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് 11/23 | വാതക ശ്മശാനം പഞ്ചായത്ത് വിഹിതം വകയിരുത്തൽ |
| അടങ്കൽ | 500000- |
| ചെലവ് | 500000- |
| നിർവ്വഹണം | സെക്രട്ടറി |

പാലക്കാട് ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന വാതക ശ്മശാനം നിർമ്മാണ പ്രവൃത്തിക്കുവേണ്ടി കൊടുവായൂർ ഗ്രാമ പഞ്ചായത്ത് 5 ലക്ഷം രൂപ വകയിരുത്തുകയും ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് (30074914685, Sbin0004925) കൈമാറുകയും ചെയ്തിട്ടുണ്ട്. വാതക ശ്മശാനം നിർമ്മാണ പ്രവർത്തന പുരോഗതി വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന (9/29-09-23) ലഭ്യമാക്കിയ മറുപടിയിൽ വാതക ശ്മശാനം നിർമ്മാണം റൂഫ് സ്ലാബ് കോൺക്രീറ്റ് വരെ എത്തിയിട്ടുണ്ടെന്നും മറ്റു പ്രവർത്തികൾ പുരോഗമിക്കുന്നുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

വാതക ശ്മശാന നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 1-20 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല

കമ്മാന്തറ, പിട്ടുപീടിക, കർണ്ണകി നഗർ എന്നീ മൂന്ന് കുടിവെള്ള പദ്ധതികൾ പഞ്ചായത്ത് നേരിട്ട് പരിപാലിക്കുന്നുണ്ട്. ഇവയുടെ നടത്തിപ്പിനു വേണ്ടി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 2022-23 വർഷം ചെലവു നടത്തിയിട്ടുണ്ട്.

| | |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം | 2,36,520 |

| | |
|---|---|
| മോട്ടോർ റിപ്പയറിംഗ്, അറ്റകുറ്റ പണികൾ | - |
| ഇലക്ട്രിസിറ്റി ചാർജ് | 97944 |
| ആകെ | 3,34464 |

സ.ഉ.(സാ) നമ്പർ 1275/2009/ തസ്വഭവ തീയതി.30.05.2009 പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വെള്ളക്കരമിനത്തിൽ വാർഷിക കണക്ക് പ്രകാരം തൻവർഷം ലഭിച്ചതുക- 133,944+ കുടിശ്ശിക തുക- 140,929) = ആകെ 2,74873/- രൂപ ലഭിച്ചിട്ടുണ്ട്. പമ്പ് ഓപ്പറേറ്റർ വേതനം, ഇലക്ട്രിസിറ്റി ചാർജ് എന്നിവയ്ക്കു മാത്രമായി 3,34464/- രൂപ ചെലവു വന്നിട്ടുണ്ട്.

വാർഷിക കണക്ക് പ്രകാരം വെള്ളക്കരമിനത്തിൽ 4536103/- രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ആയത് ഈടാക്കുവാനുള്ള നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി( 10/29-09-2023) ലഭ്യമാക്കിയ മറുപടിയിൽ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്നറിയിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ഗുണഭോക്തൃ സമിതി ഏറ്റെടുക്കുന്നില്ലായെന്നും ആയത് നിഷ്ക്രിയ ആസ്തി ആയി മാറാതിരിക്കുവാൻ വേണ്ടിയാണ് ഭരണ സമിതി തീരുമാനത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത് നടത്തി വരുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ചുമതല ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കേണ്ടതാണ്.

2) വെള്ളക്കരമിനത്തിൽ 4536103/- രൂപ പിരിച്ചെടുക്കുവാൻ ബാക്കിയുണ്ട്. ആയത് ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ്- പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കേണ്ടതാണ്

ഹരിതകേരളം മിഷനുവേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്തിട്ടുള്ള സ്മാർട്ട് ഗാർബേജ് മോണിറ്ററിംങ്ങ് സിസ്റ്റം സോഫ്റ്റ്‌വെയർ മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനും ഏകോപിപ്പിക്കുന്നതിനുമായി സ.ഉ (ആർ.ടി)നം. 2307/2021/LSGD തി.18-11-2021 നം. ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2021-22 വർഷം ഗ്രാമ പഞ്ചായത്തിൽ പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട്- നം | 119/23 |
| പ്രൊജക്ടിന്റെ പേര് | ഹരിത മിത്രം സ്മാർട്ട് ഗാർബേജ് ആപ്പ് |
| അടങ്കൽ | 204900 |
| ചെലവ് | 204900 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസി . സെക്രട്ടറി |
| ഫണ്ടിനം | തനത് |
| സാങ്ഷൻ നം, തീയതി | 240/02-03-2023 |

സർവ്വീസ് ചാർജ്- 135700രൂപ, എസ്.എം.എസ് ചാർജ്- 7200 രൂപ, ക്യൂ.ആർ കോഡ്- 12000 രൂപ, ലാപ്ടോപ്- 50000 രൂപ എന്നിങ്ങനെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള വിവിധ ഇനങ്ങൾക്കായി ആകെ 204900 രൂപയാണ് കെൽട്രോണിന് കൈമാറിയിട്ടുള്ളത്.

02-02-23 ന് കെൽട്രോണുമായി എഗ്രിമെന്റ് ചമച്ചിട്ടുണ്ട്. ഹരിത കർമ്മസേനക്ക് കെൽട്രോണിൽ നിന്നും ഹരിത മിത്രം ആപ്പിന്റെ പ്രവർത്തനം സംബന്ധിച്ച് പ്രായോഗിക പരിശീലനം ലഭിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഹരിത മിത്രം ആപ്പ് നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തിൽ 13000 ക്യൂ.ആർ കോഡുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 7259 ക്യൂ.ആർ കോഡുകൾ വീടുകളിലും 1111 ക്യൂ.ആർ കോഡുകൾ സ്ഥാപനങ്ങളിലും പതിപ്പിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനക്ക് സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ആപ്പിന്റെ പ്രവർത്തനത്തിനായി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട് എന്നും നിലവിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെട്ടു എന്നും യൂസർഫീ കളക്ഷനിൽ പുരോഗതി കൈവന്നിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഹരിതകർമ്മ സേനയുടെ പാസ് ബുക്ക് പ്രകാരം 8,88425/- രൂപ നീക്കിയിരിപ്പുണ്ട്. ( ഓഡിറ്റ് അന്വേഷണം നമ്പർ-11/30-09-2023)

സ്മാർട്ട് ഗാർബേജ് സിസ്റ്റത്തിന്റെ പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതും വിവരം അറിയിക്കേണ്ടതുമാണ്.

## 1-22 പെൻഷൻ വിതരണം-ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് ഓരോ മാസവും പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നില്ല

2023 ജനവരി മാസത്തിലെ ബിൽ ഡിസ്ക്രിപൻസി ലിസ്റ്റ് പ്രകാരം 308 പെൻഷൻ ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ പെൻഷൻ കൈപ്പറ്റിയിട്ടില്ല. ഇതിലുൾപ്പെട്ട ഏതാനം ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ മാസങ്ങളായി പെൻഷൻ തുക ഇവർക്ക് കൈമാറാൻ കഴിഞ്ഞിട്ടില്ല. ഗുണഭോക്താക്കളുടെ പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് ആയി തുടരുന്നുണ്ടെങ്കിലും മസ്റ്ററിംഗ് പൂർത്തീകരിക്കുകയോ, ഹോം മസ്റ്ററിംഗിന് അപേക്ഷ സമർപ്പിക്കുകയോ, പുനർവിവാഹിതയല്ല എന്ന സർട്ടിഫിക്കറ്റ് സമർപ്പിക്കുകയോ ചെയ്തിട്ടില്ല, ബാങ്ക് അക്കൗണ്ട് നിലവിലില്ല തുടങ്ങിയ വിവിധ കാരണങ്ങളാൽ മാസങ്ങളായി ഇവർക്ക് പെൻഷൻ കൈമാറിയിട്ടില്ല. നിലവിൽ ബാങ്കിൽ നിന്നും പഞ്ചായത്തിന്റെ തനത് ഫണ്ടിൽ പെൻഷൻ കൈപ്പറ്റാത്ത തുക വരവു വന്നിട്ടുണ്ട്. ആയത് പഞ്ചായത്ത് തിരികെ ഡി ബി റ്റി സെല്ലിലേക്ക് അടവാക്കുന്നു. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് |
|---|---|---|---|
| 1 | ദേവൂ, കർഷക തൊഴിലാളി പെൻഷൻ | 108670100741 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് |
| 2 | കണ്ടൻ, കർഷക തൊഴിലാളി പെൻഷൻ | 108670100611 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് |
| 3 | കല്ല്യാണി, കർഷക തൊഴിലാളി പെൻഷൻ | 108670100387 | പെൻഷൻ സ്റ്റാറ്റസ് ആക്ടീവ് |
| 4 | ലക്ഷ്മണൻ, വാർദ്ധക്യകാല | 108670200839 | പെൻഷൻ സ്റ്റാറ്റസ് |

| | | | |
|---|---|---|---|
| | പെൻഷൻ | | ആക്റ്റീവ് |
| 5 | സുബ്രഹ്മണ്യൻ ,വാർദ്ധക്യകാല പെൻഷൻ | 108670200892 | പെൻഷൻ സ്റ്റാറ്റസ്സ് ആക്റ്റീവ് |
| 6 | നാരായണി, വാർദ്ധക്യകാല പെൻഷൻ | 108670201461 | പെൻഷൻ സ്റ്റാറ്റസ്സ് ആക്റ്റീവ് |
| 7 | പാറു, വിധവ പെൻഷൻ | 10867060008 | പെൻഷൻ സ്റ്റാറ്റസ്സ് ആക്റ്റീവ് |
| 8 | കമലം, വിധവ പെൻഷൻ | 108670600614 | പെൻഷൻ സ്റ്റാറ്റസ്സ് ആക്റ്റീവ് |
| 9 | പത്മജ,വിധവ പെൻഷൻ | 108670601340 | പെൻഷൻ സ്റ്റാറ്റസ്സ് ആക്റ്റീവ് |

ബാങ്ക് വഴിയും ഡയറക്റ്റ് ടു ഹോം ആയും പെൻഷൻ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി പരിശോധിച്ച് അനർഹർ ഡാറ്റാ ബേസിൽ ഉൾപ്പെട്ടിട്ടില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. നാളിതു വരെയായിട്ടും പെൻഷൻ തുക കൈമാറാൻ കഴിയാത്തവരുടെ ആക്റ്റീവ് ആയിട്ടുള്ള പെൻഷൻ സ്റ്റാറ്റസ്സ് സസ്പെൻഡ് ചെയ്യാത്തതിനു വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നമ്പർ-17/ 04-10-23) ലഭ്യമാക്കിയ മറുപടിയിൽ വിവിധ ക്ഷേമ പെൻഷനുകൾ കൈപ്പറ്റുന്ന എല്ലാ ഗുണഭോക്താക്കളുടെയും വിവരങ്ങൾ സിവിൽ രജിസ്ട്രേഷൻ ഡാറ്റയുമായി ഒത്തു നോക്കി അനർഹരെ സേവനയിൽ നിന്നും സസ്പെൻഡ് ചെയ്തു വരുന്നുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം

അനർഹരായവർ പെൻഷൻ കൈപ്പറ്റുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-23 ഹോമിയോ ഡിസ്പെൻസറിക്ക് മുഴുവൻ മരുന്നും ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ ഹോമിയോ ഡിസ്പെൻസറി നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പദ്ധതിയ്ക്കായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ്നമ്പർ / പേര് | 23/2022-23<br>ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | 200000/-മെയിന്റനൻസ് ഫണ്ട് (റോഡിതരം) |
| ചെലവ് | 200000/- |
| ബിൽ നം. തിയ്യതി | 1/23 തിയതി - 06.02.2023<br>200000/-രൂപ. |

200000/-രൂപ. രൂപ Kerala State Homoeopathic Co-Operative Pharmacy Ltd, Alappuzha യുടെ 34306403911നമ്പർ അക്കൗണ്ടിലേക്ക് മുൻകൂർ നൽകിയിട്ടുണ്ട്. ലഭ്യമായ മരുന്നിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയിസ് നമ്പർ | ലഭിച്ച മരുന്നിന്റെ വില (രൂപ) |
|---|---|
| LF-1274/08.09.2023 | 131338/- |

68662/- രൂപയുടെ മരുന്നുകൾ ഇനി ലഭിക്കാനുണ്ട്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം. 6/27.09.2023 -ന് മറുപടിയായി Kerala State Homoeopathic Co-Operative Pharmacy എന്ന സ്ഥാപനത്തിലേക്ക് നേരിട്ട് ഫോൺ വഴി ബന്ധപ്പെട്ട് മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതായി അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

*ഹോംകോയിൽ നിന്ന് ലഭിക്കാനുള്ള ബാക്കി മരുന്നുകൾ ഉടൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

*മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുക്കേണ്ടതാണ്.

## 1-24 സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥയായി പശു വളർത്തൽ- വനിത(157/23), പശു വളർത്തൽ -എസ്.സി.പി(64/23) എന്നീ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ടി രണ്ട് പദ്ധതികൾ പ്രകാരം ആകെ 27 പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ - സ.ഉ (കൈ)നം.115/2022/തസ്വഭവ/ 28-05-2022 ഖണ്ഡിക 6.3 (3) പ്രകാരം കറവപ്പശു നൽകൽ പദ്ധതി നടപ്പാക്കുമ്പോൾ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറുമായി ഗുണഭോക്താക്കളിൽ 5 പേരെ കൂടി ഉൾപ്പെടുത്തി ഒരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ മേൽ സൂചിപ്പിച്ച രണ്ട് പദ്ധതികളുടെയും ഫയലുകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ വിവിധ വ്യക്തികളിൽ നിന്ന് പശുക്കൾ വാങ്ങിയത് നിർവ്വഹണ ഉദ്യോസ്ഥനും ബന്ധപ്പെട്ട വാർഡ് മെമ്പറും അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇത്തരമൊരു പർച്ചേസിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 28/6-10-2023) പർച്ചേസ് കമ്മിറ്റി രൂപീകരിച്ചെന്നും ബന്ധപ്പെട്ട രേഖകൾ ഓഡിറ്റിന് ഹാജരാക്കാൻ കഴിഞ്ഞില്ലെന്നും വരും വർഷങ്ങളിൽ അപാകത ആവർത്തിക്കില്ലെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.എന്നാൽ ഓഡിറ്റ് വേളയിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിട്ടും ഹാജരാക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കുന്നില്ല.

തുടർന്നുള്ള വർഷങ്ങളിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച്കൊണ്ട് പദ്ധതികൾ നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 ക്യാഷ് ബുക്ക് സൂക്ഷിപ്പ് -ചട്ടം പാലിച്ചിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം എല്ലാ നിർവഹണ ഉദ്യോഗസ്ഥരും TR-7A ഫോറത്തിലുള്ള ഒരു ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണം വരവും പണം നൽകലും രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഓരോ പഞ്ചായത്തിനേയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്തുവാൻ പ്രത്യേകം സബ്സിഡിയറി രജിസ്റ്ററും സൂക്ഷിക്കേണ്ടതാണ്.

1-25-1 ഡയറി ഫാം ഇൻസ്ട്രക്ടർ - TR-7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ഡയറി ഫാം ഇൻസ്ട്രക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതികൾ പരിശോധിക്കുന്നതിന്റെ ഭാഗമായി ക്യാഷ് ബുക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതിയുടെ ചെലവ് തുക 200000/- രൂപ മാത്രം ഒരു രജിസ്റ്ററിൽ എഴുതിയിരിക്കുന്നു. വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്നതിന് TR 7A ക്യാഷ് ബുക്ക് സൂക്ഷിച്ചിട്ടില്ല. തുടർന്നുള്ള വർഷങ്ങളിൽ TR-7A ഫോറത്തിലുള്ള ക്യാഷ് ബുക്ക് സൂക്ഷിക്കേണ്ടതും ചട്ടപ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്. (ഓഡിറ്റ് അന്വേഷണം നം.26/05-10-2023).

1-25-2 ക്യാഷ് ബുക്കിൽ ചെലവ് വിവരങ്ങൾ ഉൾപ്പെടുത്തിയതിലെ അപാകതകൾ സംബന്ധിച്ച്

2022-23 സാമ്പത്തിക വർഷത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -സർക്കിൾ I നടപ്പാക്കിയ പദ്ധതികളുടെ പരിശോധനയുടെ ഭാഗമായി ക്യാഷ് ബുക്ക് പരിശോധിച്ചതിൽ വികസനഫണ്ട് - പൊതുവിഭാഗം സാധാരണ വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം എന്നീ ഇനങ്ങളിലുള്ള ചെലവ് മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.വിവിധ പദ്ധതികൾ നടപ്പാക്കിയതിന്റെ താഴെ പറയുന്ന ചെലവുകൾ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

| പദ്ധതി | തുക |
|---|---|
| 53/23 – വ്യക്തിഗത ഗാർഹിക കക്കൂസ് അറ്റകുറ്റപ്പണി | 75000/- കേന്ദ്രാവിഷ്കൃത ഫണ്ട്<br>63560/- തനത് ഫണ്ട് |
| 55/23 – മേൽപ്പുര റിപ്പയർ ജനറൽ (സ്പിൽ ഓവർ) | 230000/- തനത് ഫണ്ട് |
| 54/23 – ലൈഫ് ഭവന നിർമ്മാണം ജനറൽ (സ്പിൽ ഓവർ) | 60000/- ഹഡ്കോ ലോൺ |
| 67/23 – ലൈഫ് ഭവന നിർമ്മാണം ജനറൽ | 300000/- സംസ്ഥാനാവിഷ്കൃത ഫണ്ട് |

തുടർന്നുള്ള വർഷങ്ങളിൽ എല്ലാ സ്രോതസ്സിൽ നിന്നുമുള്ള വരവ് ചെലവ് വിവരങ്ങളും ക്യാഷ് ബുക്കിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.18/04-10-2023)

1-26 ലൈഫ് മിഷൻ - ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷനിൽ ഉൾപ്പെടുത്തി ജനറൽ, എസ്.സി വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് ആനുകൂല്യം അനുവദിച്ചുകൊണ്ട് താഴെ പറയുന്ന പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

1-26-1 ലൈഫ് മിഷൻ - ഭവന നിർമ്മാണം (ജനറൽ - സ്പിൽഓവർ)

| | |
|---|---|
| പ്രൊജക്ട് നം. | 54/23 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(സർക്കിൾ 1) |
